GOVERNMENT OF KERALA

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ഖരമാലിന്യ നിർമ്മാർജ്ജനം-സ്വകാര്യവ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് നൽകൽ - പ്രവർത്തനം സുഗമമായി നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

================================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 561/2012/തസ്വഭവ  തീയതി, തിരുവനന്തപുരം 24.2.2012

================================================================================

**പരാമർശം:** 1) സ.ഉ.(എം.എസ്) നം. 318/11/തസ്വഭവ തീയതി 20.12.2011.
2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/2/2012ലെ 2404/സി1/2009/എസ്.എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഉറവിടമാലിന്യ സംസ്കരണം നടപ്പാക്കുന്ന സ്വകാര്യവ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് (പരമാവധി 5000/- രൂപയോ, 75 ശതമാനമോ ഇതിലേതാണു കുറവ് അത്) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി വിതരണം ചെയ്യുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗരസഭാ കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന സബ്സിഡി തുക കണക്കിലെടുത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. പ്രോജക്ട് കോസ്റ്റിന്റെ 50% സർക്കാർ വിഹിതമായും 25% ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായും ബാക്കി 25% ഗുണഭോക്തൃ വിഹിതമായും വകയിരുത്തേണ്ടതാണ്. ഇപ്പോൾ തുടരുന്നതുപോലെ പഞ്ചായത്തുകളിൽ സമ്പൂർണ ശുചിത്വം ഫണ്ടിൽ നിന്നുമായിരിക്കും സർക്കാർ വിഹിതമായ 50 ശതമാനം എടുക്കുക.

2. ദാരിദ്ര്യ രേഖയ്ക്ക് താഴെയും മുകളിലുമുള്ള എല്ലാ വിഭാഗം ആൾക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനം തീരുമാനിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വേണം ഗുണഭോകതാക്കളെ തെരഞ്ഞെടുക്കേണ്ടത്. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ഖരമാലിന്യ സംസ്കരണ സംവിധാനമാണ് പദ്ധതി പ്രകാരം സ്ഥാപിക്കേണ്ടത്. വെർമി കമ്പോസ്റ്റ് /കമ്പോസ്റ്റ്/ബയോഗ്യാസ് പ്ളാന്റ് മുതലായവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകൃത സേവന ദാതാക്കൾ മുഖാന്തിരമായിരിക്കണം. ഇപ്രകാരം സേവന ദാതാക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്താവിന്റെ താല്പര്യം കൂടി കണക്കിലെടുക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്ളാൻ സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി പദ്ധതി തയ്യാറാക്കേണ്ടതാണ്.
3. വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി തുക അനുവദിക്കുന്നതിന് 1.3.2011 ൽ സ.ഉ.(എം.എസ്)നം.73/2011/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായുള്ള മാർഗ്ഗ രേഖകളും യൂണിറ്റ് കോസ്റ്റും അവലംബിക്കേണ്ടതാണ്.
4. 1 ക്യുബിക് മീറ്ററും അതിൽ അധികമായ ശേഷിയുള്ള ബയോഗ്യാസ് പ്ളാന്റും സ്ഥാപിക്കേണ്ട സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡിയ്ക്ക് പുറമേ വരുന്ന തുക ഗുണഭോക്താവ് തന്നെ വഹിക്കേണ്ടതാണ്.
5. പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള കരാർ വയ്ക്കേണ്ടതും പേമെന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നൽകേണ്ടതുമാണ്.
6. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഭരണ-സാങ്കേതികാനുമതികൾ വാങ്ങിയിരിക്കേണ്ടതാണ്.
7. പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അവബോധവും 01.03.2011ലെ സർക്കാർ ഉത്തരവനുസരിച്ചുള്ള ഗ്യാരന്റിയും സേവനദാതാവ് മുഖാന്തിരം നൽകിയിരിക്കേണ്ടതാണ്.
8. പ്രതിദിനം രണ്ടര കിലോഗ്രാമിൽ കുറയാത്ത മാലിന്യങ്ങൾ സംസ്കരിക്കേണ്ട സാഹചര്യത്തിൽ താല്പര്യമുള്ളവർക്ക് മാത്രം ബയോഗ്യാസ് പ്ളാന്റുകൾ അനുവദിക്കുന്നതായിരിക്കും അഭികാമ്യം. മറ്റ് സന്ദർഭങ്ങളിൽ വിവിധതരം കമ്പോസ്റ്റ്/ വെർമി കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതായിരിക്കും ഉചിതം.

9. കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കുമ്പോൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനുകൾക്കു പുറമേയുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള അംഗീകാരം ശുചിത്വ മിഷൻ മുഖാന്തിരം സർക്കാരിൽ നിന്ന് വാങ്ങിയിരിക്കേണ്ടതാണ്.

10. ഗാർഹിക മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന പ്രവർത്തനം ഫലപ്രദമായി നടപ്പാക്കുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ജില്ലാതലത്തിൽ ശുചിത്വമിഷൻ ജില്ലാകോർഡിനേറ്ററെ ചുമതലപ്പെടുത്തുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പിനായി വി.ഇ.ഒ.യേയും മുനിസിപ്പൽ നഗരസഭാ തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് സൂപ്പർ വൈസർമാരെ ചുമതലപ്പെടുത്തുന്നു. ഇതിനുള്ള ഉത്തരവ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നൽകേണ്ടതാണ്.

11. ഓരോ ജില്ലയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ പുരോഗതി ജില്ലാ ശുചിത്വമിഷൻ ഓരോ മാസവും വിലയിരുത്തേണ്ടതും പുരോഗതി റിപ്പോർട്ടിന്റെ സമാഹൃതരൂപം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസനവകുപ്പ് കമ്മിഷണർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), Kerala,Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ(A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ